# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.64** — **08/01/2014-ൽ മറുപടിക്ക്**

## മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണം

**ചോദ്യം** — **മറുപടി**

**ശ്രീ. വി. ശശി**
**" ഇ. ചന്ദ്രശേഖരൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ജി. എസ്. ജയലാൽ**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണവുമായി ബന്ധപ്പെട്ട് വകുപ്പുതല പരിശോധന നടത്തിയിട്ടുണ്ടോ ; | (എ) | വകുപ്പുതല പരിശോധന നടത്തിയിട്ടില്ല. എന്നാൽ ധനകാര്യ വകുപ്പിൽ നിന്നും പരിശോധന നടത്തിയിരുന്നു. |
| (ബി) | എങ്കിൽ എപ്പോഴാണ് പരിശോധന നടത്തിയത് ; ഏതെല്ലാം വിഭാഗങ്ങളിലാണ് പരിശോധന നടത്തിയത് ; | (ബി) | 20/01/2012, 21/01/2012, 22/02/2013 എന്നീ ദിവസങ്ങളിലാണ് ധനകാര്യ (പരിശോധന) വകുപ്പ് ഉദ്യോഗസ്ഥർ കോർപ്പറേഷന്റെ ഫയലുകൾ പരിശോധിച്ചത്. 31/12/2010-ലെ 009/111/MD/KMSCL/2011-12 എന്ന ടെണ്ടർ നോട്ടീസ് പ്രകാരം കോർപ്പറേഷൻ സംഭരിച്ച മെഡിക്കൽ ഉപകരണങ്ങളുമായി ബന്ധപ്പെട്ടായിരുന്നു പരിശോധന നടത്തിയത്. |
| (സി) | പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ ; പരിശോധനാ റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കാമോ ; | (സി) | M/s. B. Braun Medicals (India) Ltd. ന്റെ മാത്രം Price Bid-ന്റെ അടിസ്ഥാനത്തിൽ KMSCL മരുന്നു സംഭരണം നടത്തിയ ഇനത്തിൽ സർക്കാരിന് ധനനഷ്ടമുണ്ടായതായി ധന വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു. നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KMSCL MD-യുടെ വിശദീകരണം തേടിയിട്ടുണ്ട്. വിശദമായ വിശദീകരണം തയ്യാറാക്കി വരുന്നതായി KMSCL അറിയിച്ചിട്ടുണ്ട്. ആയതുകൂടി പരിശോധിച്ചശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ